# 23. ഇന്ത്യ ദക്ഷിണധ്രുവത്തിൽ

ഇന്ത്യക്കാരായ ശാസ്ത്രജ്ഞന്മാരുടെ ഒരു സംഘം ജനവരി 9-ാം തീയതി അൻറാർക്ടിക്ക വൻകരയിൽ ഇറങ്ങി. 'ആവേശകരമായ വാർത്ത' എന്ന് ഈ സംഭവത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി വിവരിച്ചു: 'ഇന്ത്യാസമുദ്രം ഇന്ത്യയെ അൻറാർക്ടിക്കയുമായി ഇണക്കുന്നു. ഈ പ്രദേശത്തു നമുക്ക് അഗാധമായ താല്പര്യമുണ്ട്. സമുദ്രപഠനങ്ങൾ ജീവപ്രാധാന്യമുള്ളവയാണ്'' എന്നും ഇന്ദിരാഗാന്ധി പ്രസ്താവിക്കുകയുണ്ടായി.

വാടകക്കെടുത്ത 'പോളാർ സർക്കിൾ' എന്ന നോർവീജിയൻ കപ്പലിലാണ് ഇന്ത്യൻ ശാസ്ത്രജ്ഞസംഘം അൻറാർക്ടിക്കയിലെത്തിയതു്. ഈ കപ്പലിൽ ഹെലികോപ്റ്ററുകളുമുണ്ട്. ഇന്ത്യാ ഗവണ്മെൻറിൻെറ പരിസ്ഥിതിവകുപ്പിൻെറ സിക്രട്ടറിയായ ഡോ. കാസിം ആണ് സംഘത്തെ നയിക്കുന്നതു്. മഞ്ഞുകട്ടകളുടെയും പാറകളുടെയും സാമ്പിളുകൾ ശേഖരിക്കൽ, അണുവികിരണം, കാലാവസ്ഥ, കാന്തമണ്ഡലം മുതലായവയുടെ പഠനം എന്നിവയാണ് ഈ സംഘം അൻറാർക്ടിക്കയിൽ നടത്തുക. പോരും മുമ്പ് അവർ അവിടെ സ്ഥിരമായ ഒരു ശാസ്ത്രീയ പഠനകേന്ദ്രം സ്ഥാപിക്കുകയും, സ്വയം പ്രവർത്തിക്കുന്ന ചില ഉപകരണങ്ങൾ ഈ കേന്ദ്രത്തിൽ വിട്ടു പോരുകയും ചെയ്യും. എന്നാൽ, ആരും അവിടെ സ്ഥിരമായി പാർക്കുകയില്ല.

മുമ്പ് രണ്ടു ഇന്ത്യക്കാർ അൻറാർക്ടിക്കയിലിറങ്ങിയിട്ടുണ്ടെങ്കിലും, ഇന്ത്യയുടെ ഒരു പഠനസംഘം അവിടെയെത്തുന്നതു് ഇതാദ്യമാണ്. ധ്രുവപ്രദേശപഠനം നടത്തുന്നതിന്നാവശ്യമായ പശ്ചാത്തല പരിജ്ഞാനം ഇപ്പോൾ ഇന്ത്യൻ ശാസ്ത്രജ്ഞന്മാർക്കുണ്ട്. ഭൂവിജ്ഞാനം, ഹിമാനീവിജ്ഞാനം, ഭൂകാന്തവിജ്ഞാനം, സമുദ്രവിജ്ഞാനം എന്നീ ശാസ്ത്രശാഖകളിൽ ഗണ്യമായ പുരോഗതി നമ്മുടെ ശാസ്ത്രജ്ഞന്മാർ നേടിക്കഴിഞ്ഞിരിക്കുന്നു. ഗോവയിലെ ദേശീയ സമുദ്രവിജ്ഞാനസ്ഥാപനം ഈ വിഷയങ്ങളിൽ ഉപരിപഠനങ്ങൾ നടത്തിവരുന്നുണ്ട്. കടലിനടിയിൽനിന്ന് ബഹുലോകക്കല്ലുകൾ ശേഖരിക്കുന്നതിലും ഈ സ്ഥാപനം വിജയം നേടിയിരിക്കുന്നു. 1990 ആവുമ്പോഴേക്കും വ്യാവസായികാടിസ്ഥാനത്തിൽ കടലിനടിയിലെ ലോഹഖനനം നടത്തിത്തുടങ്ങാൻ നമുക്കു കഴിയുമെന്നാണ് പ്രതീക്ഷ.

ഇന്ത്യാ ഗവണ്മെൻറ് ഒരു സമുദ്രവികസനവിഭാഗം സംഘടിപ്പിച്ചതു കഴിഞ്ഞ ആണ്ടിലാണ്. സമുദ്രത്തിൻെറ സാമ്പത്തിക പ്രാധാന്യം വർദ്ധിച്ചുവരുകയാണല്ലോ. മത്സ്യജീവിസമ്പത്തിനു പുറമേ, എണ്ണയും ഗ്യാസും കടലിൽനിന്നു കിട്ടിത്തുടങ്ങിയിട്ടുണ്ട്. പലതരം ലോഹങ്ങളുടെ അനന്തനിക്ഷേപങ്ങൾ കടലിനടിയിലുണ്ടെന്നും മനസ്സിലായിട്ടുണ്ട്.

ഇന്ത്യയിലെ കാലാവസ്ഥയെ, പ്രത്യേകിച്ച് ഇന്ത്യക്കു ജീവൻ നൽകുന്ന കാലവർഷത്തെ, നിയന്ത്രിക്കുന്നതു് അൻറാർക്ടിക്ക പ്രദേശമാണെന്നു തെളിഞ്ഞിട്ടുണ്ട്. അൻറാർക്ടിക്കയ്ക്കും മഞ്ഞു മൂടിയ ഹിമാലയപ്രദേശങ്ങൾക്കും തമ്മിൽ പല സാധർമ്യങ്ങളുമുണ്ട്. ഇക്കാരണങ്ങളിൽ അൻറാർക്ടിക്കവരെ തെക്കോട്ടു പരന്നുകിടക്കുന്ന ഇന്ത്യാ സമുദ്രവും, അൻറാർക്ടിക്ക വൻകരയും സംബന്ധിച്ച പൂർണ ശാസ്ത്രീയവിജ്ഞാനം നാം നേടേണ്ടതു് അത്യാവശ്യമായിരിക്കുന്നു. ആ ദിശയിലേക്കുള്ള അർത്ഥപൂർണമായ ഒരു കാൽവെപ്പാണ് ഡോ. കാസിമിൻെറ നേതൃത്വത്തിലുള്ള സംഘത്തിൻെറ അൻറാർക്ടിക്ക സന്ദർശനം.

ദക്ഷിണധ്രുവത്തിനു ചുറ്റുമായി കിടക്കുന്ന അൻറാർക്ടിക്ക വൻകരയ്ക്ക് അമ്പത്തൊന്നു ലക്ഷം ചതുരശ്രമൈൽ (1,32,09,000 ച. കി. മീ.) വലിപ്പമുണ്ട്. ആസ്ട്രേലിയയുടെ ഏതാണ്ട് ഇരട്ടിയാണിത്. ഈ പ്രദേശത്തിൽ ഭൂരിഭാഗവും ഒരു മൈലോളം കനത്തിൽ കട്ടിമഞ്ഞും കുഴമഞ്ഞും മൂടിക്കിടക്കുന്നു. ആകെ എഴുപതു ലക്ഷം ഘനമൈൽ മഞ്ഞ്! ഈ മഞ്ഞുകൊണ്ട് അമേരിക്കൻ ഐക്യനാടുകളുടെ മീതെ രണ്ടു മൈൽ കനത്തിൽ ഒരു പുതപ്പുണ്ടാക്കാം. മഞ്ഞിലൂടെ വൻകരയ്ക്കു ചുറ്റും മലകൾ തലയുയർത്തി നില്ക്കുന്നു. ഇവയിൽ ചില കൊടുമുടികൾക്ക് 16,864 അടിവരെ ഉയരമുണ്ട്. അവയിൽനിന്ന് വിശാലങ്ങളായ ഹിമവാഹിനികൾ കടലിലേക്ക് അരിച്ചിറങ്ങുന്നു. വൻകരയുടെ മദ്ധ്യം ശൂന്യമാണ്. അവിടെ ഒരു ജീവിയുമില്ല. ചുറ്റുമുള്ള കടലിൽ മണിക്കൂറിൽ ഇരുനൂറോളം മൈൽ വേഗത്തിൽ തണുത്ത കൊടുങ്കാറ്റുകൾ ചീറിയടിക്കുന്നു. വായുവിൽ നീരാവി കുറവാണ്. മഴയില്ല. മഞ്ഞുവീഴ്ച വൻകരയിൽ ആണ്ടിൽ 4–6 ഇഞ്ചോളവും കടൽത്തീരത്ത് 1-2 അടിയോളവും ഉണ്ടാവും.

പടിഞ്ഞാറെന്നും കിഴക്കെന്നും രണ്ടായി വിഭജിക്കാവുന്ന രീതിയിലാണ് അൻറാർക്ടിക്ക വൻകരയുടെ ആകൃതി. പടിഞ്ഞാറേ പകുതി, മഞ്ഞുരുകിപ്പോയാൽ, പല ദ്വീപുകളായിത്തീരും. കിഴക്കേപ്പകുതിയിലാണ് ദക്ഷിണധ്രുവം. മൂന്നു വശങ്ങളിൽനിന്ന് ശാന്തസമുദ്രവും അററ്ലാൻറിക് സമുദ്രവും ഇന്ത്യാസമുദ്രവും ഈ വൻകരയിൽ വന്നു മുട്ടുന്നു. (അൻറാർക്ടിക് എന്ന ഒരു സമുദ്രം വേറെയില്ല.) ഇവിടെ കരയിൽനിന്ന് എത്രയോ മൈൽ ദൂരത്തിൽ കടലിലേക്കു ഹിമപ്പരപ്പുകൾ മഞ്ഞുകാലത്ത് ഇറങ്ങിക്കിടക്കും. വേനലിൽ ഇവ ഉടഞ്ഞ്, വലിയ ദ്വീപുകൾപോലെയുള്ള മഞ്ഞുകട്ടികൾ കടലിൽ വൻകരയ്ക്കു ചുറ്റും ഒഴുകിനടക്കുന്നു. ഉറപ്പുള്ള കപ്പലുകൾക്ക് ഇവ ഉടച്ചു കരയിലെത്താം.

ഡിസംബറിൽ അൻറാർക്ടിക്കയിൽ വേനലാണ്. ഇക്കാലത്തു കടൽത്തീരത്ത് താപം 32 ഡിഗ്രി ഫാരൻഹൈററ്വരെ ഉയരാറുണ്ട്. ജൂണിലാണ് ഏററവുമധികം തണുപ്പുള്ളത്. അപ്പോൾ താപം കടൽത്തീരത്ത് മൈനസ് 40 ഡിഗ്രി ഫാരൻഹൈററുവരെ താഴും. വൻകരയുടെ മധ്യത്തിൽ ഇത് മൈനസ് 100 ഡിഗ്രി ഫാരൻഹൈററുവരെ എത്തും. മൈനസ് 127 ഡിഗ്രി താപം അൻറാർക്ടിക്കയിൽ 1960-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂതലത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഏററവും കൊടിയ തണുപ്പാണിത്.

അൻറാർക്ടിക്കയിലെ മഞ്ഞിനടിയിൽ എന്തെല്ലാം സമ്പത്തുകൾ മൂടിക്കിടക്കുന്നുണ്ടാവാം? ഒരു കാലത്ത് ആ മണ്ണിൽ വൃക്ഷങ്ങളുണ്ടായിരുന്നു എന്നതിന് തെളിവുണ്ട്. അൻറാർക്ടിക്കയിൽ കിഴക്കുവശത്തും മലകളിലും ധാരാളം കല്ക്കരി കണ്ടെത്തിയിട്ടുണ്ട്. എണ്ണയും ഗ്യാസും അവിടെ വളരെയേറെ ഉണ്ടെന്നാണു വിശ്വാസം. ഇരുമ്പ്, ചെമ്പ്, ഈയം, മോളിബ്ഡെനം, മാംഗനീസ്, യുറേനിയാ എന്നീ ലോഹങ്ങളും അൻറാർക്ടിക്കയിൽ കണ്ടെത്തിയിട്ടുണ്ട്.

ബാക്ടീരിയ, പൂമ്പൊടി എന്നിവ വൻകരയിൽ തണുത്തുറഞ്ഞ നിലയിൽ കണ്ടെത്തിയിട്ടുണ്ട്. വേനലിൽ മലഞ്ചെരിവുകൾ പലതരം പുപ്പൽകൊണ്ടു മൂടാറുണ്ട്. പൂക്കുന്ന മൂന്നുതരം ചെടികളും അൻറാർക്ടിക്കയിൽ കാണപ്പെട്ടിട്ടുണ്ട്. അമ്പതുതരം അല്പപ്രാണികൾ വൻകരയിലുണ്ടത്രെ. അവയിൽ ഏററവും വലിയത് ഒരിഞ്ചിൻെറ പത്തിലൊന്നു വലിപ്പമുള്ള, ചിറകില്ലാത്ത, ഒരുതരം ഈച്ചയാണ്. എന്നാൽ, കടൽത്തീരത്തും കടലിലും ധാരാളം ജീവികളുണ്ട്. ആയിരക്കണക്കിനു തിമിംഗലങ്ങളും ലക്ഷക്കണക്കിനു സീൽ മത്സ്യങ്ങളും പെൻഗ്വിൻ, സ്കൂവാ, ടേൺ, പ്രാവ് മുതലായ പക്ഷികളും ഇവിടെ വേനൽക്കാലത്തു തിങ്ങിക്കൂടുന്നു. നൂറടിയോളം

നീളവും നൂററമ്പതു ടണ്ണോളം കനവുമുള്ള നീലത്തിമിംഗലങ്ങൾ ഇവയിൽ പ്പെടുന്നു. പക്ഷികളിൽ, ചക്രവർത്തിപ്പെൻഗ്വിന് നൂറു റാത്തലോളം കനമുണ്ടാവും. ആഡേലി എന്ന, 15 റാത്തൽ മാത്രം കനം വരുന്ന, കൊച്ചു പെൻഗ്വിനാണ് എണ്ണത്തിൽ കൂടുതൽ പറക്കാൻ കഴിയാത്ത ഇവ നീന്തി മത്സ്യം പിടിച്ചു തിന്നാണു ജീവിക്കുന്നത്. എന്നാൽ, പറക്കാൻ കഴിവുള്ള വയാണ് സ്കുവ, ടേൺ, പ്രാവ് മുതലായ പക്ഷികൾ. 'ക്രിൽ' എന്ന ഒരു തരം ചെമ്മീൻ ഈ കടലിൽ ധാരാളമുണ്ടെന്നു പറയപ്പെടുന്നു.

ഇംഗ്ലീഷുകാരനായ ക്യാപ്ററൻ കുക്ക് 1772 മുതൽ 1775 വരെയുള്ള മൂന്നു കൊല്ലംകൊണ്ട് അൻറാർക്ടിക്ക ചുററി കപ്പലോടിച്ചു. അതിനു മുമ്പ് ആ വൻകരയെപ്പററി വ്യക്തമായ ധാരണ മനുഷ്യർക്കുണ്ടായിരുന്നി ല്ല. കുക്കിനുതന്നെയും അൻറാർക്ടിക്കയുടെ നൂററമ്പതു മൈൽ അടുത്തുവരെ ചെല്ലാനല്ലാതെ, ആ വൻകര കാണാൻ കഴിഞ്ഞില്ല. പിന്നീട് ഇംഗ്ലീഷു കാരും അമേരിക്കക്കാരും ഫ്രഞ്ചുകാരും നോർവേക്കാരും ആസ്ത്രേല്യക്കാ രും മററും ഈ വൻകരയിലേക്ക് പല സംഘങ്ങളേയും അയച്ചു.

1911 ഡിസംബർ 14-ാം തീയതി നോർവേക്കാരനായ അമൂണ്ഡ് സെൻ ദക്ഷിണധ്രുവത്തിലെത്തി. മുപ്പത്തഞ്ചു ദിവസം കഴിഞ്ഞ് ബ്രിട്ടീ ഷുകാരനായ റോബർട്ട്സ്കോട്ടും ഇവിടം സന്ദർശിച്ചു. 1929-ൽ അമേരിക്ക ക്കാരനായ ബയേർഡ് ദക്ഷിണധ്രുവത്തിനു മീതെ പറന്നു. രണ്ടു മഹാ യുദ്ധകാലങ്ങളിലും ജർമൻ നാവികർ അൻറാർക്ടിക്കയിൽ താവളമടിച്ചി രുന്നു. 1943-ൽ ശത്രുനിരീക്ഷണത്തിനായി ഇംഗ്ലീഷ് നാവികസേന ഇവിടെ സ്ഥിരമായ ഒരുതാവളം ഉണ്ടാക്കി. 1947-ൽ അമേരിക്ക അൻറാർ ക്ടിക്കയിലേക്കയച്ച സംഘത്തിൽ പതിമ്മൂന്നു കപ്പലുകളും നാലായിരം ആളുകളുമുണ്ടായിരുന്നു. ഇവർ അൻറാർക്ടിക്കയിലെ ഇരുപതു ലക്ഷം ചതുരശ്രമൈൽ സ്ഥലം നിരീക്ഷണവിധേയമാക്കി.

1957 ജൂലൈ 1മുതൽ 1958 ഡിസംബർ 31 വരെയുള്ള അന്താരാഷ്ട്രീയ ഭൂഭൗതിക വർഷത്തിൽ അർജൻറീന, ആസ്ത്രേലിയ, ബെൽജിയം, ചിലി, ഫ്രാൻസ്, ബ്രിട്ടൻ, ജപ്പാൻ, ന്യൂസിലാൻഡ്, നോർവേ, റഷ്യ, ദക്ഷി ണാഫ്രിക്ക, അമേരിക്ക എന്നീ പന്ത്രണ്ടു രാജ്യങ്ങൾ ചേർന്ന് അൻറാർക് ടിക്ക സംബന്ധിച്ച പഠനങ്ങൾ വിപുലമായ തോതിൽ സംഘടിപ്പിച്ചു. ഈ പഠനങ്ങളിൽ പതിനായിരത്തിലേറെ ആളുകൾ പങ്കെടുത്തു. ഈ കാലത്ത് അൻറാർക്ടിക്കയിൽ അമേരിക്ക ഏഴു പഠനകേന്ദ്രങ്ങൾ സ്ഥാ പിച്ചു. മഞ്ഞിലൂടെ ഓടുന്ന ടാങ്കുകൾ ഈ പഠനകാലത്ത് റഷ്യയും അമേരി ക്കയും അൻറാർക്ടിക്കയിൽ ഉപയോഗപ്പെടുത്തി. മിക്ക രാജ്യങ്ങളും ഈ പഠനങ്ങൾ ഇപ്പോഴും തുടർന്നു നടത്തുന്നുണ്ട്.

1900-കളുടെ ആരംഭത്തിൽത്തന്നെ, അർജൻറീനയും ചിലിയും അൻറാർക്ടിക്കയുടെ ചില പ്രദേശങ്ങൾ തങ്ങളുടേതാണെന്ന് അവകാശ പ്പെട്ടുതുടങ്ങി. അതിനും മുമ്പ് ബ്രിട്ടനും ഇത്തരം അവകാശവാദം ഉന്നയി ച്ചിരുന്നു. ഇപ്പോൾ അർജൻറീന, ആസ്ത്രേലിയ, ചിലി, ഫ്രാൻസ്, ബ്രിട്ടൻ, ന്യൂസിലാൻഡ്, നോർവേ എന്ന ഏഴു രാജ്യങ്ങൾ അൻറാർക്ടി ക്കയിലെ പല ഭാഗങ്ങളും തങ്ങളുടേതാണെന്നു വാദിക്കുന്നുണ്ട്. സ്ഥിരമാ യി ആരും അവിടെ പാർക്കാത്തതിനാൽ അൻറാർക്ടിക്ക ആരുടെയും സ്വകാര്യസ്വത്തല്ല എന്നാണ് അമേരിക്കയുടെ വാദം. 1959-ൽ റഷ്യയും അമേരിക്കയുമടക്കം പന്ത്രണ്ടു രാജ്യങ്ങൾ ചേർന്നുണ്ടാക്കിയ കരാറിൽ, മുപ്പതു വർഷത്തേക്കു (1989 വരെ) അൻറാർക്ടിക്ക സംബന്ധിച്ച അവകാശവാദ ങ്ങളിൽ ഒരു തീരുമാനമെടുക്കരുതെന്നു വ്യവസ്ഥ ചെയ്തു. സമാധാനപര മായ ആവശ്യങ്ങൾക്കല്ലാതെ ഈ വൻകര ഉപയോഗിക്കരുതെന്നും അന്ന ത്തെ നിശ്ചയത്തിലുണ്ട്.

ഇന്ന് അൻറാർക്ടിക്കയിൽ അമേരിക്കയുടെ വകയായ മാക്മൂർ

ഡോ നേവൽ എയർ സ്റ്റേഷനിൽ വിമാനങ്ങൾക്കിറങ്ങാം. ഇവിടെ അണുവൈദ്യുതി ലഭ്യമാണ്. ലാബറട്ടറികൾ, വർക്ക്ഷോപ്പുകൾ, പാർപ്പിടങ്ങൾ ഇവയെ പരസ്പരം ബന്ധിപ്പിക്കുന്ന തുരങ്കങ്ങൾ, ഇവയെല്ലാം ഉള്ള നിരീക്ഷണപഠനകേന്ദ്രങ്ങൾ വേറെയുമുണ്ട്. റേഡിയോവഴി ഇവ ബാഹ്യലോകത്തോട് ബന്ധപ്പെട്ടിരിക്കുന്നു.

ഇന്ത്യ അൻറാർക്ടിക്കയിലെത്തിയത് ഒട്ടും നേരത്തെയല്ല എന്ന് ഇതിൽനിന്നു വ്യക്തമാവും. 1957-ൽതന്നെ നാം ദക്ഷിണധ്രുവപഠനത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതായിരുന്നു. ഇപ്പോഴെങ്കിലും ഒരു സംഘത്തെ അവിടേക്കയച്ചതിൽ ഇന്ത്യാഗവണ്മെൻറ് നമ്മുടെ അഭിനന്ദനം അർഹിക്കുന്നു. ഈ ദേശീയാഭിക്രമത്തിന്റെ പ്രാധാന്യം നാം തികച്ചും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

12 ജനുവരി, 1982

# 24. ദക്ഷിണധ്രുവം പകുത്തെടുക്കുവാൻ

ഇക്കഴിഞ്ഞ മെയ്മാസത്തിൽ, ഇരുപത്തിരണ്ടു ദിവസം നീണ്ടുനിന്ന കടുത്ത പോരാട്ടത്തിനു ശേഷം, അററ്ലാൻറിക് കടലിന്റെ തെക്കേ അററത്ത് തണുത്തു മരവിച്ചു കിടക്കുന്ന ഫാക്ലാൻഡ് ദ്വീപുകൾ ആർജൻറീനയുടെ കൈയിൽനിന്ന് ബ്രിട്ടൻ തിരിച്ചുപിടിച്ചു. ദരിദ്രരായ ആയിരത്തിയെണ്ണൂറോളം ആട്ടിടയരുടെ സ്വയംനിർണയാവകാശം രക്ഷിക്കുന്നതിനാണ് ബ്രിട്ടനിൽനിന്ന് ഏഴായിരത്തിയെണ്ണൂററിനാല്പതു മൈൽ അകലെ നാവികസൈന്യത്തെ അയച്ച് ചെലവേറിയ ഈ യുദ്ധം തങ്ങൾ ചെയ്തതെന്നത്രേ ബ്രിട്ടീഷുകാർ പറഞ്ഞിരുന്നത്.

വാസ്തവമെന്താണ്? യഥാർത്ഥത്തിൽ, ഫാക്ലാൻഡിൽ ഈ പട നടന്നത്, അവിടെനിന്ന് ഏകദേശം ആയിരത്തിയിരുനൂറു കിലോമീററർ അകലെയുള്ള ദക്ഷിണധ്രുവത്തിൽ ബ്രിട്ടന്റെ അവകാശം ഉറപ്പിക്കുന്നതിനായിരുന്നു.

ഫാക്ലാൻഡിലെ പോർട്ട്സ്റ്റാൻലി തുറമുഖത്ത് ആർജൻറീനയുടെ സൈന്യങ്ങൾ ആയുധം വെച്ച് ബ്രിട്ടനു കീഴടങ്ങിയ അതേ ആഴ്ചയിൽ, ന്യൂസിലാൻഡിന്റെ തലസ്ഥാനമായ വെല്ലിങ്ടനിൽ രണ്ടാഴ്ച നീണ്ട ഒരു രഹസ്യസമ്മേളനം നടക്കുകയുണ്ടായി. അമേരിക്കയും സോവിയററ് യൂണിയനും അടക്കം പതിനാലു രാഷ്ട്രങ്ങളാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത്.

ദക്ഷിണധ്രുവത്തെ സംബന്ധിച്ച ഒരന്താരാഷ്ട്രീയ സന്ധിയിൽ ഒപ്പിട്ടവരായിരുന്നു ഈ രാഷ്ട്രങ്ങൾ. ഒരു കോടി മുപ്പത്തിരണ്ടു ലക്ഷത്തിലേറെ ചതുരശ്ര കിലോമീററർ വിസ്താരമുള്ള ദക്ഷിണധ്രുവ വൻകര ശാസ്ത്രീയ നിരീക്ഷണങ്ങൾക്കല്ലാതെ സൈനികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തരുതെന്ന് വ്യവസ്ഥ ചെയ്യുന്ന ഈ സന്ധി 1959-ൽ ഒപ്പിടുകയും 1961-ൽ പ്രാബല്യത്തിൽ വരുകയും ചെയ്തു. മുപ്പതു വർഷത്തേക്കുള്ള ഈ സന്ധിയിൽ ആർജൻറീന, ആസ്ത്രേലിയ, ബൽജിയം, ചിലി, ഫ്രാൻസ്, ബ്രിട്ടൻ, ജപ്പാൻ, ന്യൂസിലാൻഡ്, നോർവേ, ദക്ഷിണാഫ്രിക്ക, സോവിയററി യൂണിയൻ, അമേരിക്കൻ ഐക്യനാടുകൾ എന്നീ പന്ത്രണ്ടു രാജ്യങ്ങളാണ് ആദ്യം പങ്കാളികളായിരുന്നത്. പോളണ്ടും പടിഞ്ഞാറൻ ജർമനിയും പിന്നീട് ഈ സന്ധിയിൽ അംഗങ്ങളായി ചേർന്നു. ഈ പതിനാലു 'സന്ധിരാജ്യ'ങ്ങളാണ്, ധൃതിയിൽ, ന്യൂസിലാൻഡിൽ രഹസ്യയോഗം ചേർന്നിരുന്നത്.